ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
04712323198, email-jdacad@gmail.com

നം.എസിഡി എസ്.പി.സി(4)/30584/2023/എച്ച്.എസ്.ഇ. തീയതി. 19/05/2023

## സർക്കുലർ

**വിഷയം**- പൊ.വി.വ - ഹ.സെ.വി - ഫിസിക്സ് അധ്യാപകർക്ക് expEyes അടിസ്ഥാനമാക്കിയുള്ള പരിശീലനം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന - 1. ഈ കാര്യാലയത്തിലെ 04/04/2019 ലെ എസി.ഡി.എസ്.പി.സി (4) 109288/എച്ച്.എസ്.ഇ നമ്പർ സർക്കുലർ.
2. കൈറ്റ് സി.ഇ.ഒ യുടെ 21/12/2019 ലെ KITE/2019/1525(9) നമ്പർ കത്ത്.
3. കൈറ്റ് സി.ഇ.ഒ യുടെ 18.05.2023 ലെ KITE/2023/1234(10) നമ്പർ കത്ത്.

ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ ഫിസിക്സ് പഠനത്തിന് സഹായകമായ expEyes കിറ്റുകൾ സംസ്ഥാനത്തെ ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ സൂചന 2 പ്രകാരം വിതരണം ചെയ്യുകയും സൂചന (1) പ്രകാരം 2019 മെയ് മാസത്തിൽ നടന്ന നാല് ദിവസത്തെ അധ്യാപക പരിശീലനത്തിൽ ഒരു ദിവസം ഫിസിക്സ് അധ്യാപകർക്ക് expEyes കിറ്റുകൾ ഉപയോഗിക്കുന്നതിന് അവസരം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ഉപകരണത്തിന്റെ ഉപയോഗത്തിൽ കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ആഴത്തിലുള്ള പരിശീലനം അധ്യാപകർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതിനുള്ള പരിശീലന മൊഡ്യൂളും റിസോഴ്സുകളും സജ്ജ്മാക്കിയിട്ടുണ്ടെന്നും ഫിസിക്സ് അധ്യാപകർക്ക് രണ്ട് ദിവസത്തെ പ്രത്യേക പരിശീലനം നൽകാവുന്നതാണെന്നും സൂചന (3) പ്രകാരം കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കത്ത് നൽകിയിട്ടുണ്ട്.

എല്ലാ ഹയർസെക്കന്ററി സ്കൂൾ ഫിസിക്സ് അധ്യാപകരും **2023 മെയ് 25 മുതൽ** കൈറ്റ് തയ്യാറാക്കുന്ന ഷെഡ്യൂൾ അനുസരിച്ച് വിദ്യാലയപ്രവർത്തനം തടസപ്പെടാത്ത രീതിയിൽ രണ്ട് ദിവസത്തെ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ പരിശീലന ദിവസങ്ങളിൽ IT@School_GNU/Linux_20.04 ഇൻസ്റ്റാൾ ചെയ്ത ലാപ്ടോപ്, സ്കൂളിൽ ലഭ്യമാക്കിയിട്ടുള്ള expEyes കിറ്റ്, Android Phone എന്നിവ സഹിതം ഹാജരാകേണ്ടതാണ്.

ഒപ്പ്
**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്ക്)**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
എല്ലാ ഹയർ സെക്കന്ററി പ്രധമാധ്യാപകർക്കും

**പകർപ്പ്:**

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
2. എല്ലാ മേഖലാ ഉപമേധാവിമാർക്കും.